**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 8

## വാർത്താക്കുറിപ്പ്

---

### പരീക്ഷ മാറ്റി

മഹാത്മാഗാന്ധി സർവ്വകലാശാല ആഗസ്റ്റ് ഒമ്പതിന് നടത്താന് നിശ്ചയിച്ചിരിക്കുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചതായി പരീക്ഷാ കൺട്രോളര് അറിയിച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/1105/2022)

### എം.ജി., കണ്ണൂർ സർവ്വകലാശാലകളുടെ സംയുക്ത ബിരുദാനന്തര ബിരുദ കോഴ്സുകള്

മഹാത്മാഗാന്ധി സർവ്വകലാശാലയും കണ്ണൂര് സർവ്വകലാശാലയും സംയുക്തമായി പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകള് ആരംഭിക്കുന്നു. രണ്ട് സർവ്വകലാശാലകളുടെയും വൈദഗ്ധ്യവും പഠന സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടും വിധം സിലബസ് ക്രമീകരിച്ചിട്ടുള്ളതാണ് ഈ കോഴ്സുകൾ. ആരംഭത്തിൽ എം.എസ്.സി. കെമിസ്ട്രി (നാനോസയൻസ് ആന്റ് നാനോടെക്നോളജി), എം.എസ്.സി. ഫിസ്ക്സ് (നാനോസയൻസ് ആൻ നാനോ ടെക്നോളജി) എന്നീ കോഴ്സുകളാണ് സംയുക്തമായി ആരംഭിക്കുന്നത്. ഇത് വിദ്യാർത്ഥികൾക്ക് കൂടുതല് ജോലി സാധ്യതയും ഗവേഷണ സാധ്യതകളുമുള്ള കോഴ്സുകളാണ്. പഠനത്തിന്റെ ഭാഗമായി, ഒരു വ്യവസായ സ്ഥാപനത്തിൽ നിന്നുമുള്ള ഇന്റേൺഷിപ്പിനും വിദേശത്തോ ഇന്ത്യയില് തന്നെയോ ഉള്ള പ്രശസ്ത ഗവേഷണസ്ഥാപനത്തില് ആറു മാസം നീണ്ടുനിൽക്കുന്ന ഗവേഷണ പദ്ധതിയില് പങ്കാളിയാകുവാനും അവസരം ലഭിക്കുന്നതാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂള് ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജിയും കണ്ണൂര് സർവ്വകലാശാലയിലെ കെമിസ്ട്രി വിഭാഗവും ഫിസിക്സ് വിഭാഗവും സംയുക്തമായാണ് കോഴ്സുകള് നടത്തുന്നത്. യഥാക്രമം കെമിസ്ട്രിയിലും ഫിസിക്സിലുമുള്ള ബിരുദമോ തത്തുല്യയോഗ്യതയോ ആണ് എം.എസ്.സി. കെമിസ്ട്രി, ഫിസിക്സ് കോഴ്സുകളിലേക്കുള്ള അടിസ്ഥാന യോഗ്യത. വിദ്യാർത്ഥികൾക്ക് എം.എസ്.സി ഫിസിക്സ് / എം.എസ്.സി കെമിസ്ട്രി ബിരുദം ലഭിക്കുന്നതിനൊപ്പം അതിനൂതന സാങ്കേതിക വിദ്യയായ നാനോസയൻസ് ആന്റ് നാനോടെക്നോളജിയില് പരിചയം ആർജിക്കുവാനുള്ള അവസരവും ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് (www.mgu.ac.in) സന്ദർശിക്കുക.

(പി.ആർ.ഒ./39/1106/2022)

## എം.ജി.: ബി.എഡ് ഏകജാലകം

മഹാത്മാഗാന്ധി സർവ്വകലാശാല ബി.എഡ് ഏകജാലകം ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. സ്ഥിര പ്രവേശനമെടുക്കേണ്ട അപേക്ഷകരും ഒന്നാം ഒപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും അലോട്ട്മെന്റ് മെമോ ഡൗൺലോഡ് ചെയ്തതിന് ശേഷം കോളേജുമായി ബന്ധപ്പെട്ട് കോളേജില് ഒടുക്കേണ്ട ഫീസ് സഹിതം ആഗസ്റ്റ് 16 ന് വൈകിട്ട് നാല് മണിക്ക് മുൻപായി കോളേജില് നേരിട്ട് ഹാജരായി പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. (ഉറപ്പാക്കേണ്ടതാണ്.) താത്കാലിക പ്രവേശനമെടുക്കാൻ ആഗ്രഹിക്കുന്നവര് നേരിട്ട് കോളേജുകളില് റിപ്പോർട്ട് ചെയ്യേണ്ടതില്ല. ഇവർ കോളേജുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 16 ന് വൈകിട്ട് നാല് മണിക്ക് മുൻപായി ഓൺലൈനായി പ്രവേശനമെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/1107/2022)

## എം.ജി. യിൽ തൊഴി ൽ മേള

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ആഭിമുഖ്യത്തില് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷന് ആൻഡ് ഗൈഡൻസ് ബ്യൂറോയുടെയും കോട്ടയം ജില്ലാ എംപ്ലോയബിലിറ്റി സെന്ററിന്റെയും മോഡൽ കരിയര് സെന്ററിന്റെയും സഹകരണത്തോടെ ആഗസ്റ്റ് 27 ന് സർവ്വകലാശാല ക്യാമ്പസ്സില് 'ബ്രൈറ്റ് മൈൻഡ്സ് 2022' മെഗാ തൊഴിൽ മേള നടത്തുന്നു. ബ്ാങ്കിങ്, ഇൻഷുറൻസ്. മാനേജ്മെന്റ്. സയൻസ്, കൊമേഴ്സ്, എഡ്യൂക്കേഷൻ, ഐ.ടി, മറ്റ് എഞ്ചിനീയറിംഗ് ശാഖകൾ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, മാർക്കറ്റിംഗ്, സെയിൽസ് തുടങ്ങിയ സെക്ടറുകളിൽ നിന്നുള്ള ഉദ്യോഗദായകര് പങ്കെടുക്കും. തൊഴിൽ മേളയില് പങ്കെടുക്കാന് ആഗ്രഹിക്കുന്ന ബിരുദവും ഡിപ്ലോമയും അതിന് മുകളില്ലും വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികള് എംപ്ലോയബിലിറ്റി സെന്റര് കോട്ടയം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കേരള, മോഡൽ കരിയര് സെന്റര് കോട്ടയം എന്നീ ഫേസ്ബുക്ക് പേജുകളിലുള്ള ലിങ്ക് മുഖേന രജിസ്റ്റര് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0481-2731025, 2563451 എന്നീ നമ്പറുകളില് ബന്ധപ്പെടുക.

(പി.ആർ.ഒ./39/1108/2022)

## പരീക്ഷാ ഫീസ്

ആഗസ്റ്റ് 24 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റര് എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലര് / 2019 അഡ്മിഷന് - ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി / 2018, 2017 അഡ്മിഷന് - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 10 വരെയും പിഴയോടു കൂടി ആഗസ്റ്റ് 11 നും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 12 നും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1109/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂള് ഓഫ് ബിഹേവിയറല് സയൻസസില് എം.എസ്.സി. സൈക്കോളജി പ്രോഗ്രാമിൽ 2022-24 പ്രവേശന ബാച്ചില് എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. അർഹരായവര് 0481-2731034, 9496201466, 9495213248 എന്നീ നമ്പറുകളില് ബന്ധപ്പെടുക.

(പി.ആർ.ഒ./39/1110/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ ബി.വോക്ക് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, ബാങ്കിങ് ആന്റ് ഫിനാൻഷ്യല് സർവ്വീസസ് (2021 അഡ്മിഷന് - റഗുലര് - പുതിയ സ്കീം) ജൂൺ 2022 പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ (എ.ഒ.സി.) ആഗസ്റ്റ് 10 ന് അതത് കേന്ദ്രങ്ങളില് വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1111/2022)

2022 ജൂണില് നടന്ന രണ്ടാം സെമസ്റ്റര് ബി.വോക്. ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം (പുതിയ സ്കീം - 2020 അഡ്മിഷന് - റഗുലര് / 2019, 2018 അഡ്മിഷന് - റീ-അപ്പിയറൻസ്/ ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകള് ആഗസ്റ്റ് 10 മുതല് അതത് കോളേജുകളില് വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1112/2022)

ഒന്നാം സെമസ്റ്റര് ബി.വോക് ഫാഷൻ ഡിസൈന് ആൻഡ് മാനേജ്മെന്റ് / ഫാഷൻ ടെക്നോളജി ആൻഡ് മർച്ചൻഡൈസിംഗ് (പുതിയ സ്കീം - 2021 അഡ്മിഷന് - റഗുലർ) ജൂൺ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകള് ആഗസ്്റ്റ് 10 മുതല് 25 വരെ തീയതികളില് അതത് കോളേജുകളിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1113/2022)

രണ്ടാം സെമസ്റ്റർ ബി.വോക്ക് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, ബാങ്കിങ് ആന്റ് ഫിനാൻഷ്യല് സർവ്വീസസ് (2020 അഡ്മിഷന് - റഗുലര് / 2019, 2018 അഡ്മിഷന് - റീ-അപ്പിയറൻസ്/ ഇംപ്രൂവ്മെന്റ് - പുതിയ സ്കീം) ജൂലൈ 2022 പരീക്ഷയുടെ പ്രായോഗിക പരീക്ഷകള് (ഇന്റേൺഷിപ്പ്) ആഗസ്റ്റ് 12 ന് അതത് കേന്ദ്രങ്ങളിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1114/2022)

## വൈവാ വോസി

രണ്ടാം സെമസ്റ്റർ എം.ബി.എ. (2021 അഡ്മിഷന് - റഗുലര് / 2020, 2019 അഡ്മിഷന് - സപ്ലിമെന്ററി) ആഗസ്റ്റ് 2022 ബിരുദ പരീക്ഷയുടെ വൈവാ വോസി പരീക്ഷകള് ആഗസ്റ്റ് 12 മുതല് 17 വരെ അതത് കോളേജുകളിൽ വച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1115/2022)

## പരീക്ഷാ ഫലം

2022 മാർച്ചില് നടന്ന ഒന്നാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2008-2014 അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തില് സ്വീകരിക്കും.

(പി.ആർ.ഒ./39/1116/2022)

നാലാം വർഷ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി (പുതിയ സ്കീം - 2008-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തില് സ്വീകരിക്കും.

(പി.ആർ.ഒ./39/1117/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**